**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 403** **08-08-2023 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ്ഓഡിറ്റ് വിഭാഗത്തിന്റെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമപഞ്ചായത്ത് വകുപ്പിൽ നിലനിന്നിരുന്ന പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിലവിൽ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗത്തിൽ ഉണ്ടായിരുന്ന ജീവനക്കാരെ എപ്രകാരമാണ് പുനർവിന്യസിച്ചത് എന്ന് അറിയാക്കാമോ; | (എ) | തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള അഞ്ചു വകുപ്പുകളെ ഏകീകരിച്ച ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പ് 17.07.2020 ലെ GO(Ms)No.106/2020/LSGD ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു.ഏകീകൃത പൊതു സർവീസ് രൂപീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് വകുപ്പിൽ നിലനിന്നിരുന്ന പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലെ 66 സീനിയർ മോസ്റ്റ് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസേഴ്സ്/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി / സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളെ 25.06.2022ലെGO(Ms)No.134/20222/LSGD ഉത്തരവ് പ്രകാരം ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തികകളായി പുനർനാമകരണം ചെയ്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയ്ക്ക് തുല്യമാക്കുകയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലെ ശേഷിക്കുന്ന ജീവനക്കാരെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജില്ലാ ഓഫീസുകളിലേക്ക് പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിൽ ഏത്ര ജൂനിയർ സൂപ്രണ്ടുമാർ ജോലി ചെയ്തിരുന്നു എന്ന് അറിയിക്കാമോ; അവരെ നിലവിൽ അസിസ്റ്റന്റ് സെക്രട്ടറിമാർ ഇല്ലാത്ത പഞ്ചായത്തുകളിൽ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിൽ 137 ജൂനിയർ സൂപ്രണ്ടുമാർ ജോലി ചെയ്തിരുന്നു.ജൂനിയർ സൂപ്രണ്ടുമാരെ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിമാരാക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല . |
| (സി) | സംസ്ഥാനത്ത് അസിസ്റ്റന്റ് സെക്രട്ടറിമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പോസ്റ്റ് സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; വളരെ ചെറിയ ശതമാനം പഞ്ചായത്ത് ഓഫീസുകളിൽ മാത്രം അസിസ്റ്റന്റ് | (സി) | പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിൽ 137 ജൂനിയർ സൂപ്രണ്ടുമാർ ജോലി ചെയ്തിരുന്നു.ജൂനിയർ സൂപ്രണ്ടുമാരെ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിമാരാക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല . |

| | | | |
|---|---|---|---|
| | സെക്രട്ടറി തസ്തിക സൃഷ്ടിക്കാത്തത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; | | |
| (ഡി) | നിലവിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ എത്ര ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഉണ്ട്; 6 ക്ലാർക്ക് മാരിൽ കൂടുതലുള്ള പഞ്ചായത്തുകളിൽ നിലവിലുള്ള ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തിക ആക്കി ഉയർത്തുവാൻ നടപടികൾ സ്വീകരിക്കുമോ; ഈ വിഷയം സംബന്ധിച്ച് കോടതികൾ,ട്രിബ്യൂണലുകൾ എന്നിവയുടെ അഭിപ്രായം വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സർവ്വീസ് സംഘടനകൾ വഴിയും ജീവനക്കാർ മുഖേനയും ഈ വിഷയത്തിൽ ശിപാർശകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 595 ഹെഡ് ക്ലാർക്ക് തസ്തികകളും 345 ജൂനിയർ സൂപ്രണ്ട് തസ്തികകളും നിലവിൽ ഉണ്ട്.6ക്ലാർക്ക്മാരിൽ കൂടുതലുള്ള പഞ്ചായത്തുകളിൽ നിലവിലുള്ള ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തിക ആക്കി ഉയർത്തുവാൻ സംബന്ധിച്ച് ട്രിബ്യൂണലിൽ കേസ് നിലവിൽ ഉണ്ട്.പരാമർശ വിഷയം അടക്കം ഉന്നയിച്ചുകൊണ്ട് വിവിധങ്ങളായിട്ടുള്ള ആവശ്യങ്ങൾ സർക്കാരിന്റെ മുമ്പാകെ കാലാകാലങ്ങളിൽ വരാറുള്ളതാണ്.ഇത്തരം ആവശ്യങ്ങളുടെ മെറിറ്റ് അനുസരിച്ച് സർക്കാരിന്റെ പൊതു നിലപാടിന് വിധേയമായ തീരുമാനം കൈക്കൊള്ളുന്നതാണ് |

സെക്ഷൻ ഓഫീസർ